## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2365 — 18.12..2012 ലെ മറുപടിയ്ക്ക്

### കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനം

**ചോദ്യം**

ശ്രീമതി.കെ.എസ്.സലീഖ

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. യുടെ ബിസിനസ്സ് 2010-11ൽ എത്ര കോടി രൂപ യായിരുന്നു; ആയത് 2011-12ൽ എത്ര; വിശദമാക്കുമോ | (എ) | 2010-11ൽ 12,331 കോടി രൂപയായിരുന്നു. ആയത് 2011-12ൽ 14,648 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.എഫ്.ഇ.യുടെ ബിസിനസ്സ് 2015ൽ എത്ര കോടി രൂപയായി ഉയർത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ ; | (ബി) | 25000 കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. |
| (സി) | 2011-12ൽ കെ.എസ്.എഫ്.ഇ.യുടെ ലാഭം എത്ര കോടി രൂപയായിരുന്നു; ആയത് 2010-11ൽ എത്രയായിരുന്നു ; | (സി) | 2011-12ൽ കെ.എസ്.എഫ്.ഇ.യുടെ ലാഭം താൽക്കാലിക കണക്കനുസരിച്ച് 69 കോടി രൂപയാണ്. ആയത് 2010-11ൽ 52.15 കോടി രൂപയായിരുന്നു. |
| (ഡി) | 2011-12ൽ കെ.എസ്.എഫ്.ഇ.യുടെ അറ്റാസ്തി എത്ര കോടിരൂപ; ആയത് 2010-11ൽ എത്ര; വിശദമാക്കുമോ ; | (ഡി) | താല്ക്കാലിക കണക്കനുസരിച്ച് അറ്റാസ്തി 226 കോടി രൂപയാണ്. ആയത് 2010-11ൽ 191.13 കോടി രൂപയായിരുന്നു. |
| (ഇ) | കെ.എസ്.എഫ്.ഇ. 2011 മാർച്ച് 31 വരെ എത്ര കോടി രൂപ വായ്പ നൽകി; 2012 നവംബർ 30 വരെ വായ്പ എത്ര കോടി നല്കി; വ്യക്തമാക്കുമോ ; | (ഇ) | 2011 മാർച്ച് 31 വരെ കെ.എസ്.എഫ്.ഇ 1950.51 ലക്ഷം രൂപ വായ്പയായി നൽകിയിട്ടുണ്ട്. 2012 ഒക്ടോബർ 31 വരെ ഇത് 2226.69 ലക്ഷം രൂപയായി വർദ്ധിച്ചിട്ടുണ്ട് |

<table>
<tr>
<td>(എഫ്)</td>
<td>2011-12 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കെ.എസ്.എഫ്.ഇയുടെ വിദ്യാധനം വായ്പാ പദ്ധതി മുഖേന എത്ര കോടി രൂപ അനുവദിച്ചു; എത്ര പേർക്ക്; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;</td>
<td>(എഫ്)</td>
<td>2011-12 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കെ.എസ്.എഫ്.ഇയുടെ വിദ്യാധനം വായ്പാ പദ്ധതി മുഖേന ഇതു വരെ 81.70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.
<table>
<tr><th>ജില്ല</th><th>എണ്ണം</th><th>തുക (ലക്ഷത്തിൽ)</th></tr>
<tr><td>തിരുവനന്തപുരം</td><td>4</td><td>22.00</td></tr>
<tr><td>കൊല്ലം</td><td>3</td><td>8.50</td></tr>
<tr><td>കോട്ടയം</td><td>1</td><td>10.00</td></tr>
<tr><td>എറണാകുളം</td><td>3</td><td>11.25</td></tr>
<tr><td>തൃശ്ശൂർ</td><td>4</td><td>14.11</td></tr>
<tr><td>പാലക്കാട്</td><td>2</td><td>6.00</td></tr>
<tr><td>മലപ്പുറം</td><td>2</td><td>6.00</td></tr>
<tr><td>കണ്ണൂർ</td><td>2</td><td>3.84</td></tr>
<tr><td>ആകെ</td><td>21</td><td>81.70</td></tr>
</table>
</td>
</tr>
<tr>
<td>(ജി)</td>
<td>കെ.എസ്.എഫ്.ഇ.യുടെ ഭാഗ്യവർഷ ചിട്ടിയിലൂടെ എത്ര കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിട്ടത്; ആയത് നവംബർ 30 വരെ എത്ര കോടി സമാഹരിക്കുവാൻ കഴിഞ്ഞു; വിശദമാക്കുമോ ;</td>
<td>(ജി)</td>
<td>ഭാഗ്യവർഷ ചിട്ടിയിലൂടെ 207 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ആയത് നവംബർ 30 വരെ 250 കോടിയോളം രൂപ സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.</td>
</tr>
<tr>
<td>(എച്ച്)</td>
<td>എജ്യുകെയർ ചിട്ടി കെ.എസ്.എഫ്.ഇ. എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;</td>
<td>(എച്ച്)</td>
<td>എജ്യുകെയർ ചിട്ടി ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. സാധാരണക്കാരായ ജനവിഭാഗങ്ങളുടെ മക്കളിൽ ചെറുപ്രായത്തിൽതന്നെ സമ്പാദ്യ ശീലവും സാമ്പത്തിക അച്ചടക്കവും വളർത്തി, 12-ാംതരം കഴിഞ്ഞുള്ള ഉന്നതവിദ്യാഭ്യാസത്തിന് ഉതകുംവിധം തുക സമാഹരിച്ച് അവരെ സാമ്പത്തികമായി സ്വയം പര്യാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.</td>
</tr>
<tr>
<td>(ഐ)</td>
<td>സംസ്ഥാനത്തെ കെ.എസ്.എഫ്.ഇ.യുടെ എല്ലാ ശാഖകളെയും ബന്ധിപ്പിക്കുന്ന കോർ സൊല്യൂഷൻ എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?</td>
<td>(ഐ)</td>
<td>അടുത്ത സാമ്പത്തിക വർഷത്തിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്</td>
</tr>
</table>

സെക്ഷൻ ഓഫീസർ.